28 (1571) ഡി.പി.ഇ.പി. ക്ക് സഹായം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പ്രകാരം പാഠ്യപദ്ധതി പരിഷ്കരണം സംസ്ഥാനത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം വിദേശ ഏജൻസികളിൽനിന്നാണ് ധനസഹായം ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(സി) ഇത് എത്ര രൂപയാണ് എന്ന് വക തിരിച്ച് വിശദമാക്കുമോ;

(ഡി) ഈ ധനസഹായം നൽകുമ്പോൾ നൽകിയിട്ടുള്ള മറ്റു നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തുക വിനിയോഗിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(എഫ്) അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി ഇതിൽ എത്ര ശതമാനം വരെ വിനിയോഗിക്കണം എന്നാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ജി) ഇതുവരെ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാഠ്യപദ്ധതി പരിഷ്കരണം കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി)&(സി) ഡി.പി.ഇ.പി. നടപ്പിലാക്കുന്നതിനായി വിദേശ ഏജൻസികളിൽനിന്നും നേരിട്ട് ധനസഹായം ഒന്നും ലഭിക്കുന്നില്ല. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്കിൽ നിന്നും കേന്ദ്രസർക്കാരിന് ലോണായി ലഭിക്കുന്ന തുക കേന്ദ്ര സർക്കാർ ഗ്രാന്റ് ആയാണ് സംസ്ഥാനത്ത് ഡി.പി.ഇ.പി.പദ്ധതി നടപ്പാക്കുന്ന പ്രൈമറി എഡ്യൂക്കേഷൻ ഡെലവപ്മെന്റ് സൊസൈറ്റി ഓഫ് കേരള (പെഡസ്ക്) ക്ക് നൽകുന്നത്. കേന്ദ്ര സർക്കാരിന് ലോകബാങ്കിന്റെ ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ലോണായി ലഭിക്കുന്നതെന്ന വിവരം ഇവിടെ ലഭ്യമല്ല.

(ഡി) പദ്ധതി ലക്ഷ്യം നേടുന്നതിന് മാത്രമേ പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കാവൂ എന്നതാണ് കേന്ദ്ര സർക്കാർ നിർദ്ദേശം.

(ഇ)&(എഫ്) ഉണ്ട്. മൊത്തം ധനസഹായത്തിന്റെ 24 ശതമാനം അടിസ്ഥാന ഭൗതിക സൗകര്യം വികസിപ്പിക്കുന്നതിനുവേണ്ടിയും 6 ശതമാനം ഭരണസൗകര്യങ്ങൾക്കുവേണ്ടിയും ബാക്കി 70 ശതമാനം അദ്ധ്യാപക പരിശീലനത്തിനും മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ജി) 30.5.99 വരെ അടിസ്ഥാനസൗകര്യങ്ങൾക്കുമാത്രം 2073.5 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്.

(ചോദ്യം (1572) - ന്റെ ഉത്തരം ലഭിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly